# കുമരകത്തൊരു കുംഭകോണം

■ ജയൻ കാമിച്ചേരിൽ

വാസ്തവം പറഞ്ഞാൽ കുമരകം കര പരശുരാമൻ സൃഷ്ടിച്ചതല്ല. മാർഗ്ഗം കൂടിയവരും, കൂടാത്തവരുമായ പുലയരും പറയരുമൊക്കെ കൂടി കുളം തോണ്ടി, കട്ടപ്പാര, കുഴിപ്പാര എന്നിങ്ങനെയുള്ള ചെളിയായുധങ്ങൾ ഉപയോഗിച്ച് വേമ്പനാടൻ കായലിൽനിന്നും പൊക്കിയെടുത്തതാണ്, പണ്ടുകാലത്ത്.

കുമരകത്തിന് പടിഞ്ഞാറ് കിടക്കുന്ന തുറമുഖ പട്ടണമായിരുന്ന ആലപ്പുഴയിൽ പുറംകടലിലാണ് കപ്പലടുത്തിരുന്നത്. കയറ്റുമതിക്കുള്ള മലംചരക്കുകൾ കൊച്ചിയിൽനിന്നും ബാർജിലും, കെട്ടുവള്ളത്തിലും വൈക്കം, വെച്ചൂര്, തണ്ണീർമുക്കം, പിന്നെ പാതിരാമണൽ ദ്വീപിന്റെയും മുഹമ്മയുടെയും ഇടയിലുള്ള കഴുക്കോൽ എത്താത്ത കയമുള്ള കപ്പച്ചാൽ വഴിയാണ് ആലപ്പുഴ കമ്പോളത്തിൽ എത്തിച്ചിരുന്നത്.

എറണാകുളത്തെ ഹൈക്കോടതിക്ക് തൊട്ടുള്ള ജെട്ടിയിൽ നിന്നും ഉച്ചകഴിഞ്ഞ് കോട്ടയത്തേയ്ക്ക് എല്ലാ സൗകര്യങ്ങളും അടങ്ങിയ ഒരു സർക്കാർ ബോട്ടുണ്ട്. പിന്നിൽ വെള്ളത്തിലേക്ക് നേരെ തട്ടാനുള്ള പാകത്തിൽ കക്കൂസ്, നടുവിൽ മണ്ണെണ്ണ കുടിക്കുന്ന കമ്മിൻസ് എൻജിൻ, രണ്ടുവശത്തും നീണ്ട ബെഞ്ചു പോലത്തെ, എന്നാൽ, ചാരാൻ പറ്റുന്ന ഇരിപ്പടം, പിന്നെ തട്ടും പുറത്ത് ചക്രം പിടിക്കുന്ന സ്രാങ്ക്.

എട്ടണയുടെ ഒരു ടിക്കറ്റ് എടുത്താൽ രാവിലെ കണ്ണും തിരുമ്മി എണീറ്റുവരുമ്പോൾ കുമരകത്ത് തെക്കുംഭാഗത്തുള്ള മുത്തന്റെ കോണെത്തും. പിന്നെ കുറെ നടക്കണം. ജട്ടിയിലേക്കും, ചന്തയിലേക്കും. അതുകൊണ്ടായിരിക്കണം, താമസിയാതെ മനുഷ്യൻ നിർമ്മിച്ച ഈ നാട്ടിലേക്ക് പൂഴിയിട്ട റോഡായപ്പോൾ ഒട്ടുമുക്കാലും ജനം സന്ദർശനത്തിന് വരുന്നത് കോട്ടയം വഴിയായി.

“ആ ആലുംമൂട്, ഇല്ലിക്കൽ, ചെങ്ങളം വഴി കുമരകം, ദാ ഉടനെ പോകുന്നു. ജോളി ഞങ്ങടെ പുറകയെ പോകത്തുള്ളു അമ്മച്ചി, ഇതേൽ കേറിക്കോ,” എന്നൊക്കെപ്പറഞ്ഞ് കണ്ടക്ടർമാർ കോട്ടയത്തെ സ്വകാര്യ ബസ്സ് സ്റ്റാന്റിൽ യാത്രക്കാരെ പിടിച്ച് വലിക്കുന്നത് കാണാം. വെറുമൊരു കുഗ്രാമമായ കുമരകത്തേയ്ക്ക് വണ്ടിയിൽ ഇടിച്ചുകയറി മനുഷ്യർ വരുന്നത് എന്തിനാണെന്ന് പറഞ്ഞില്ലല്ലോ. തെങ്ങിന്റെ നീര്, അതായിരുന്നു മുഖ്യ ആകർഷണം.

കിഴക്കൻ മലവെള്ളത്തിലെ എക്കലും, വേമ്പനാടുകായലിൽ വിളയുന്ന കക്കായും ചേർന്ന് ഫലഭൂയിഷ്ടമായ ഇവിടുത്തെ തെങ്ങുംതോപ്പുകളിൽ തലതെറിച്ച് വളർന്ന് പൊങ്ങിയ കേരവൃക്ഷങ്ങളുടെ മണ്ടയിൽനിന്നും കലത്തിലേക്ക് ഊറുന്ന അന്തിയും പുലരിയും ചെത്തിയപടി കുടിക്കണം; ഉറുമ്പും ഈച്ചയുമൊക്കെ ഊതിമാറ്റി. കൂടെ കൂട്ടാൻ കക്കായിറച്ചി, കരിമീൻ, കൊഞ്ച് എന്നിങ്ങനെ അരയന്മാർ രാത്രിയിൽ വലയിട്ട് കായൽ കടയുമ്പോൾ കിട്ടുന്ന പലതരം അമൃതും.

അത്യാവശ്യ സർവീസ് എന്ന പോലെ, കുമരകം പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോന്നുവച്ചുണ്ട്, ഷാപ്പുകൾ. ഇത്രയൊക്കെ പറഞ്ഞ സ്ഥിതിക്ക് നമുക്ക് ബോട്ടുജെട്ടിയിൽനിന്നും കിഴക്കോട്ട് ചന്തക്കവലയിലേക്കുള്ള വഴിമദ്ധ്യേ, ചന്തത്തോടിന് തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന T.S. No.3-ലേക്ക് ഓല പൊക്കി ഒന്നെത്തി നോക്കാം.

രാത്രി ഒൻപത് കഴിഞ്ഞു കാണണം; ജോസ് ബേക്കറിയുടെ പിന്നിലുള്ള അപസ്ര ടാക്കീസ്സിൽ നിന്നും കോളാമ്പി മൈക്കിലൂടെ പാട്ടു കേൾക്കാം. “കണ്ണൻ വന്താ, എന്റെ കണ്ണൻ വന്താ, എന്റെ കണ്ണീരിൻ കഥ പറയും കണ്ണൻ...” ഫസ്റ്റ് ഷോ വിട്ടിട്ട് അധികം സമയം ആയിട്ടില്ല.

അങ്ങിങ്ങായി ചിതലരിച്ച് തുടങ്ങിയ തെങ്ങുംചോറ് വച്ചുണ്ടാക്കിയ ഷാപ്പിന്റെ വടക്കെ മതിലരികിൽ നാൽപ്പതുവാട്ടിന്റെ വെളിച്ചത്തിൽ രണ്ട് കൂട്ടർ ഇരുന്ന് സംസാരിക്കുന്നുണ്ട്. അതിൽ കരിമാക്കാൻ നിറമുള്ള പട്ടാള ശരീരക്കാരന്റെ വർത്തമാനം വാതോരാതെയാണ്. മുഖത്താകമാനം വസൂരിക്കുത്തുള്ള രണ്ടാമൻ–കുട്ടപ്പൻ– നൂറിന്റെയൊരു വരയിട്ട നോട്ടുബുക്കിൽ പടപടാന്ന് എന്തോ ഒക്കെ കുത്തിക്കുറിക്കുന്നുമുണ്ട്.

കറമ്പൻ തോമ പഴയ ജവാനാണ്. ലഡാക്കിൽ പൊരുതിയതിന്റെ തെളിവായി ശരീരത്തിൽ പറയത്തക്ക ചതവോ ബോംബ് വീണ പരിക്കോ ഒന്നും ഇല്ലാത്തതിനാൽ കുമരകംകാർ തോമയുടെ പട്ടാളവൃത്തി എന്തായിരുന്നിരിക്കും എന്ന് സ്വമേധയാ തീരുമാനിച്ചു. യുദ്ധം നിലയ്ക്കുമ്പോൾ രണഭൂമിയിൽ പൊട്ടാത്ത ഉണ്ടകൾ ചാക്കിൽ പെറുക്കുന്ന പണി. മുരിക്കന്റെ റാണി, ചിത്തിര, മതി കായലുകളിൽ കൊയ്ത്ത് കഴിയുമ്പോൾ പാണ്ടി പെണ്ണുങ്ങളും, മരക്കാത്തികളും വീണുപോയ കതിര് പെറുക്കും പോലെ.

“എടാ കുട്ടപ്പാ, നീ പിന്നെ ഇത്രയും നേരം എന്നാ പൊടിലാ എഴുതിയത്?” തോമ ഈർഷ്യയോടെ ചോദിച്ചു.

“കാര്യകാരണ സഹിതം എഴുതിയില്ലേൽ തല്ല് കൊള്ളുന്നത് ഞാനാ, താനല്ല.”

“ഇന്നലെ രാത്രി ഇതേ മേശയിൽ ഇരുന്നാ അവൻ പുതിയ തെളിവ്

കിട്ടിയ കാര്യം ഈ എന്നോട് പറയുന്നത്.''

''ആര്? സണ്ണിയോ?''

''അല്ല, നിന്റയപ്പൻ.''

''ഹാ, തമാശ് വിടാശാനെ. ഇത് ഐ.പി.സി. മുന്നൂറ്റിരണ്ടാ, കൊലപാതകം.''

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനും, സരസൻ മാസികയുടെ കോട്ടയം താലൂക്ക് ലേഖകനും കൂടിയായ കുട്ടപ്പൻ വർത്തമാന കാലത്തിരുന്ന് തോമയുടെ മൊഴി എഴുതിയെടുക്കുമ്പോൾ, സണ്ണി സംഭവത്തിന്റെ പശ്ചാത്തലം മുഴുവനായി മനസ്സിലാക്കാൻ നമുക്കൊന്ന് മൂന്ന് മാസം പിന്നിലേക്ക് തുഴവയ്ക്കാം.

ഒരു വൃശ്ചികമാസം. കേരളം ഒട്ടുക്ക് 'അരി ചോദിച്ചാൽ പാക്കലാം, അരിയും തുണിയും ചോദിച്ചാൽ പിന്നാലെ പാക്കലാം,'' എന്നൊക്കെയുള്ള കാമരാജ് വിരുദ്ധ മുദ്രാവാക്യങ്ങൾ മുഴങ്ങി നിൽക്കുന്ന കാലഘട്ടം.



മൂന്നാം വാർഡിലെ വിശുദ്ധ യോഹന്നാൻ നെപ്പംസ്യാനോസ് പള്ളിയിൽ കുട്ടിച്ചാത്തന്മാരെ കുപ്പിയിൽ ഇറക്കുന്ന ഒരു ആജാനുബാഹു ശരീരക്കാരൻ വികാരിയായി വാഴുന്നു. കിഴക്കൻ ദേശക്കാരനും ദേഹണ്ണിയുമായ വികാരിയച്ചൻ തന്റെ വിശ്വസ്ത പണിക്കാരനായ ചുമ്മാരിന്റെ ഒപ്പത്തിനൊപ്പം നിന്ന് എല്ലാത്തരം കൃഷിപ്പണികളും ചെയ്യും. അങ്ങനെ പലതരം ഇലക്കറികളും കിഴങ്ങുകളും കൊണ്ട് നിറഞ്ഞ പള്ളിപ്പറമ്പിന്റെ വടക്കെ അതിർത്തി വെള്ളയാമ്പലും ആഫ്രിക്കൻ പായലും കൊണ്ട് തിങ്ങിയ ഒരു ചെറുതോടാണ്. അതിന്റെ അക്കരെയാണ് ബ്വാനയുടെ തറവാട്.

കിഴക്കൻ ആഫ്രിക്കയിൽ പലതരം അങ്കങ്ങൾ പയറ്റി മുപ്പത്തിമൂന്ന് വർഷത്തെ സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ ശാന്തമായ ജീവിതം നയിക്കാൻ മടങ്ങിയ ഒരു കുമരകം പുത്രനാണ് ബ്വാന. നേരത്തെ മൂന്നാം നമ്പർ ഷാപ്പിൽ മാസികക്കാരൻ കുട്ടപ്പന്റെ കൂടെയിരുന്ന് ഓസിൽ കള്ള് മോന്തിക്കൊണ്ടിരുന്ന തോമയായിരുന്നു ബ്വാനയുടെ എഡിസി.

സായ്പ്പിന്റെ രീതികൾ- ഹസ്തദാനം, ഗുഡ്മോർണിങ്, താങ്ക്യൂ- മൂന്നാം വാർഡിലേക്ക് ഇറക്കുമതി ചെയ്ത ബ്വാനയുടെ പ്രശാന്തമായ ജീവിതം താമസിയാതെ സംഭവബഹുലമായി തുടങ്ങി.

മൂന്നാം വാർഡിലെ വാശിയേറിയ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ബ്വാന കമ്മ്യൂണിസ്റ്റ് പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി നിന്നു. എന്നിട്ടോ? വികാരിയച്ചൻ പിൻബലം നൽകിയ ഉപ്പി മുതലാളിയെ തകർത്ത് സുന്നം പാടിച്ചു.

നിരീശ്വരവാദികളായ കമ്മ്യൂണിസ്റ്റുകളെ പിശാച് സമാനം വെറുത്ത വികാരിയച്ചൻ ഇടയ്ക്കൊക്കെ ബ്വാനയുമായി കശപിശയാകുന്നത് പതിവായിരുന്നു. മൂന്നാം വാർഡിലെ ഈ അതികായന്മാർ തമ്മിലുള്ള അടുത്ത പോരിന് വേദി അണിഞ്ഞൊരുങ്ങുന്ന വണ്ണം, ആകാശത്ത് വൃശ്ചികച്ചെണ്ട മുഴങ്ങി. ഒപ്പം, കാലവർഷം കൊണ്ടുവന്ന കിഴക്കൻ വെള്ളത്തിൽ ചന്തത്തോട് കവിഞ്ഞ് പള്ളിപ്പറമ്പിലേക്ക് കയറിയപ്പോൾ പള്ളിമുറ്റത്ത് കഥയുടെ ആദ്യരംഗത്തിനുള്ള തിരശ്ശീല പൊങ്ങി.

വികാരിയുടെ നേതൃത്വത്തിൽ കൂടിയ പൊതുയോഗത്തിൽ പള്ളിയിലേക്ക് റോഡ് വെട്ടുന്ന കാര്യം കൈയടിച്ച് പാസ്സായി. പടിഞ്ഞാറുള്ള ബോട്ടുജെട്ടിയിൽനിന്നും വാളത്താറ്റ് പാലം കടന്ന്, കിഴക്കോട്ട് ഒടിച്ച് വേണം വഴി എടുക്കാൻ. അതിന് അമ്പലപ്പറമ്പിലെ വടക്കെ അതിരിനോട് ചേർന്ന് നീളത്തിൽ സുമാർ നാൽപ്പത് സെന്റ് ന്യായവിലയ്ക്ക് മേടിക്കാമെന്ന് കൈക്കാരന്മാർ സമ്മതം മൂളി.

പള്ളിയിരിക്കുന്ന വാർഡിന്റെ പഞ്ചായത്ത് അംഗം എന്ന നിലയിലും, ശ്രീനാരായണഗുരു ക്ഷേത്രക്കാരനും കുമരകംകര കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയുമായ പുഷ്ക്കരന്റെ മിത്രം എന്ന വകയിലും, വികാരി ഈ കാര്യം എളുപ്പത്തിൽ സാധിക്കാൻ ബ്വാനയെ സമീപിക്കാൻ തീരുമാനിച്ചു.

"അതിനെന്താ? ഒരു നല്ല കാര്യം കൂടിയല്ലേ അച്ചോ? ഞാൻ നാളെ തന്നെ പുഷ്ക്കരനോട് സംസാരിക്കാം," ഉത്സാഹത്തിൽ ബ്വാന ദൗത്യം ഏറ്റെടുത്തു.

പുഷ്ക്കരനോട് ആവശ്യം ഉന്നയിച്ചപ്പോഴാണ് അതിലെ കൊണാപ്ലിക്കേഷൻ ബ്വാനക്ക് മനസ്സിലാകുന്നത്.

"എന്റെ ബ്വാന, ഞങ്ങടെ ഇടയിൽ ചില ഒടക്കൊല്ലികളുണ്ട്. അവരാണ് ഒടക്ക്."

"എന്താണ് പ്രശ്നം?"

"ഇമ്മിണിശ്ശെ ബുദ്ധിമുട്ടാ, മനസ്സിലാക്കാൻ."

"ഹാ പറയടൊ."

"അമ്പലപ്പറമ്പിക്കൂടെ നസ്രാണിയുടെ ശവം കൊണ്ടുപോകാൻ പാടില്ല-അശുദ്ധമാകും."

"അതു ശരി. തനിക്കൊന്ന് ശ്രമിച്ച് നോക്കാൻ മേലേ?"

"ചെറുപ്പക്കാർക്കൊന്നും കുഴപ്പമില്ല, പക്ഷേ, മൂത്തുനരച്ച രണ്ട് കിളവന്മാരെ പറഞ്ഞു മനസ്സിലാക്കാനാ പാട്. ബ്വാന വികാരിയച്ചനോട് ഒരു വർഷം ഒന്ന് കാക്കാൻ പറ. അതിനുള്ളിൽ ഞാൻ പല വഴിക്കായി അവരുടെ മനസ്സ് മാറ്റിയെടുക്കാം, ഉറപ്പ്."

ബ്വാന വികാരിയോട് കാര്യങ്ങളുടെ കിടപ്പ് അറിയിച്ചപ്പോൾ മുൻകോപിയായ അച്ചന് പിടിച്ചില്ല.

"അതെന്നാ മുട്ടാപ്പോക്കാടാ?"

"അച്ചൻ പറയുന്നത് ശരിയാണ്, എന്നാലും അവരുടെ സമുദായത്തിലെ തലമൂത്ത രണ്ട് കാരണവന്മാരുടെ വിശ്വാസം പെട്ടെന്നങ്ങോട്ട് മാറ്റിയെടുക്കാൻ പറ്റുമെന്ന് തോന്നുന്നില്ല."

"ഇതെന്നാ മുടന്തൻ ന്യായമാടാ? പള്ളിയിലേക്ക് റോഡ് വരുന്നത് കാണുമ്പം അസൂയ, അതുതന്നെ കാര്യം."

"നമ്മളുടെ കാര്യം കാണാൻ ഒരു കൂട്ടരുടെ മതവികാരങ്ങൾ വ്രണപ്പെടുന്നത് ശരിയാണോ അച്ചോ? അച്ചൻ ഒരു വർഷം ഒന്ന് ക്ഷമിക്ക്. ഞാൻ പുഷ്ക്കരനെക്കൊണ്ട് അപ്പഴത്തേയ്ക്കും ഇത് നടത്തിച്ചെടുക്കാം."

"എനിക്ക് അപ്പഴത്തേയ്ക്ക് വേറെ ഇടവകയിലേക്ക് മാറ്റം വരും. പുതിയ പള്ളി പണിയാമെന്ന് വിചാരിച്ചിട്ട് അരമനയിൽ നിന്നും പണം അനുവദിക്കുന്നില്ല. എന്നാൽ, ഞാൻ പോകും. മുൻപ് ഇങ്ങനെയൊരു സൽപ്രവൃത്തി ചെയ്യാമെന്ന് വെച്ചപ്പം ദാ കിടക്കുന്നു. ആട്ടെ, വാർഡ് മെമ്പർ ആയിട്ട് നീ ഈ ഇടവകയ്ക്ക് എന്നതാ ഇതുവരെ ചെയ്തിട്ടുള്ളത്?"

"ഇതത്ര എളുപ്പമുള്ള-"

"പള്ളിപ്പറമ്പിലെ പണികളെല്ലാം ചെയ്യുന്ന ആ പാവം ചുമ്മാരിന്റെ മകനൊണ്ടല്ലോ, സണ്ണി? അവനൊരു ജോലി കണ്ടുപിടിക്കാൻ ഞാൻ നിന്നോട് പറഞ്ഞിട്ട് എത്ര കാലമായി?"

എട്ടാം ക്ലാസ്സിൽനിന്നും സാറുന്മാർ പല വർഷമായിട്ടും മേലോട്ട് വിടാതെ വന്നപ്പം മടുത്ത് പഠിത്തം നിറുത്തിയതാണ് സണ്ണി. അപ്പനെ കയറുപിരിക്കാനും, അത് പോയി കോട്ടയം ചന്തയിൽ വിൽക്കാനും സഹായിച്ച് വന്നിരുന്ന അവന് എന്തെങ്കിലുമൊരു പണി ഒപ്പിക്കാൻ ബ്വാന കുറെ ശ്രമിച്ചതാണ്. ഒന്നും നടന്നില്ല.

"അവന്റെ കാര്യം ഞാൻ ഒന്നുകൂടിയൊന്ന്-"

"വേണ്ട. ഞാൻ ഉപ്പിയോട് പറഞ്ഞ് ഒരു ജോലി എടപാടാക്കി."

"എന്നാലെ, ഈശോ മിശിഹായിക്ക് സ്തുതി ആയിരിക്കട്ടെ," എന്ന് നീരസത്തിൽ അച്ചനെ വന്ദിച്ചിട്ട് ബ്വാന വേഗം ഇറങ്ങി.

ബ്വാനയ്ക്ക് ചമ്മല് വന്നത് രണ്ട് വഴിക്കാണ്. തന്റെ അയൽവക്കത്തു കിടക്കുന്ന ചുമ്മാരിന്റെ മകന് ബ്വാന നാളുകളായി ശ്രമിച്ചിട്ട് ഒരു വരുമാന മാർഗ്ഗം സംഘടിപ്പിക്കാൻ പറ്റിയില്ല. ഒടുവിൽ അവന് ഉദ്യോഗം ഉണ്ടാക്കി കൊടുത്തതോ? തന്റെ തെരഞ്ഞെടുപ്പ് ശത്രു- ഉപ്പി മുതലാളി. ഛെ, ഛെ.

നാണക്കേട് മാറി ഞെട്ടലാകുന്നത് സണ്ണിയുടെ ജോലി എന്താണെന്ന് കേട്ടപ്പോഴാണ്. ഉപ്പി മുതലാളി പ്രസിഡന്റായി ഭരിക്കുന്ന നമ്പർ 1070 സഹകരണ ബാങ്കിൽ കാഷ്യറിന്റെ പണി.

"നമ്മുടെ താപ്പാന മുതലാളിയല്ലെ ആള്? എന്തെങ്കിലും കണ്ടോണ്ടായിരിക്കണം," പുഷ്ക്കരൻ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സരളമായ വിശദീകരണം ബ്വാനയ്ക്ക് നൽകി.

"എടാ സണ്ണിക്കുട്ടാ, ഇതിന് നല്ല ചെലവ് ചെയ്യണം," എന്നുള്ള കൂട്ടുകാരുടെ സമ്മർദ്ദം മൂത്തപ്പോൾ ഒടുവിൽ മൂന്നാം നമ്പറിൽ എല്ലാരെയും കൂട്ടി ഒന്നു പൊടിപൊടിച്ചു. അഞ്ച് കന്നാസ് അന്തി, പത്ത് ചുവടിന്റെ കപ്പക്കറി, അത് മുക്കിയടിക്കാൻ മത്തിക്കറിയുടെ ചാറ്.

ഷാപ്പിന്റെ മേശയിൽ ചോക്ക് വച്ചെഴുതി കണക്ക് കൂട്ടിയപ്പോൾ സണ്ണിയുടെ അരമാസത്തെ ശമ്പളം തികയാതെ വന്നു. ലേലത്തിൽ പിടിച്ച് ഷാപ്പ് നടത്തിയിരുന്ന ചെല്ലപ്പനാശാൻ ഉടനെ തന്നെ പറ്റനുവദിച്ചു. ആരും വിളിക്കാനില്ലാതെ വരുന്ന ചിട്ടികൾ പിടിക്കാൻ ഇടയ്ക്കൊക്കെ സണ്ണിയുടെ ആവശ്യം വരും; വ്യാപാരത്തിൽ ചെല്ലപ്പൻ ആശാനായിരുന്നു.

ബാങ്ക് പണി തുടങ്ങിയ ആദ്യനാളുകളിൽ കണ്ടുവന്ന സന്തോഷവും വീട്ടിൽ എത്തിയാൽ ഉപ്പി മുതലാളിയെ പുകഴ്ത്തലും മറ്റും രണ്ടാംമാസമായപ്പോൾ പെട്ടന്നങ്ങ് നിന്നു. ചന്തത്തോട്ടിൽ ഉച്ചകഴിയുമ്പം വേലിയേറ്റം മാറി ഇറക്കമാകുന്ന പോലെ.

"എന്നാടാ ഈയിടയായി നിനക്കൊരു മൗനം?" ചുമ്മാര് മകനോട് അന്വേഷിക്കുമ്പോഴൊക്കെ, "ആ ഇപ്പോൾ ഉപ്പി സേവയാണല്ലോ," എന്ന് മാത്രം പറഞ്ഞ് അവൻ വിഷയം മാറ്റും. സേവയുടെ ഇരുണ്ട വശം ക്രിസ്തുമസ്സിന്റെ തൊട്ടുമുന്നെയാണ് വെളിച്ചത്താവുന്നത്.

കരോളിന്റെ ആഴ്ചയിൽ അപ്രതീക്ഷിതമായിട്ടാണ് കോട്ടയത്തെ ജില്ലാ ആപ്പീസിലെ ഓഡിറ്റർമാർ ഒരു മിന്നൽ പരിശോധനയ്ക്കായി 1070-ൽ എത്തുന്നത്. ലെഡ്ജറും പണപ്പെട്ടിയിലെ കാശും തമ്മിൽ ഇരുപത്തിയയ്യായിരം രൂപയുടെ വ്യത്യാസം. പണം കമ്മി. രൂപ സൂക്ഷിപ്പുകാരനായ കാഷ്യർ സണ്ണിക്ക് ഗ്രാമഫോൺ റിക്കാർഡ് വെട്ടിൽ വീണപോലെ ഒരേ മന്ത്രം, "പ്രസിഡന്റിനറിയാം."

വിവരം അറിഞ്ഞ് ഓടിയെത്തിയ ഉപ്പി മുതലാളി, "നീ എന്നതാ ഈ പറയുന്നത്?'' എന്നായി.

"സാറിന് അന്ന് മറിക്കാൻ തന്ന കാശാ.''

"തെളിച്ചു പറ സണ്ണി. ഇത് ഗൗരവമായ കാര്യമാണ്.''

"സാറിന്റെ സോഡാ ഫാക്ടറിക്ക് വേണോന്ന് പറഞ്ഞ് എന്നെക്കൊണ്ട് എടുപ്പിച്ച-'' സണ്ണി വാക്യം പൂർത്തിയാക്കിയില്ല.

ഓഡിറ്റർമാരുടെയും, ബാങ്ക് ജോലിക്കാരുടെയും മുന്നിൽ ഉപ്പി മുതലാളി സാത്താൻ കയറിയപോലെ ശരീര അവയവങ്ങൾ എല്ലാം കുലുക്കിക്കൊണ്ട് നിറുത്താതെ തുള്ളി. എട്ടും പൊട്ടും തിരിയാത്ത സണ്ണിയാണേൽ മലമ്പനി ബാധിച്ചപോലെ ഭയന്ന് വിറച്ചു.

"പോക്കിരിത്തരം പറയുന്നോടാ വെടക്കെ?''

"പഠിപ്പില്ലാത്ത നിനക്ക് കനിവ് തോന്നി ഉത്തരവാദിത്തമുള്ളൊരു ജോലി ഏല്പിച്ച എന്നെ വേണം ചവുട്ടാൻ. എറങ്ങടാ ഇവിടുന്ന്.''

എലിവാണം വിട്ടപോലെ സണ്ണി കരഞ്ഞുകൊണ്ടോടി വീട്ടിൽ എത്തി. അപ്പനോട് തേങ്ങലിനിടയിൽ കാര്യങ്ങൾ വ്യക്തമാക്കിയപ്പോൾ ചുമ്മാര് സണ്ണിയുടെ കരണത്തിന് അടിച്ച് താഴെ വീഴ്ത്തി. എന്നിട്ട് തന്റെ ഏക ആശ്രയമായ പള്ളിയിലേക്കോടി.

"ഞാൻ എന്തു ചെയ്യാനാടാ? പണക്കേസല്ലെ? നീ സമാധാനമായിട്ട് അവനോട് തന്നെ കാര്യങ്ങൾ ചോദീര്,'' എന്ന് പറഞ്ഞ് അച്ചൻ ചുമ്മാരെ തിരികെ വിട്ടിലേക്കയച്ചു. വീട്ടിലെത്തിയ ചുമ്മാര് എന്തുചെയ്യണം എന്നറിയാതെ മകനെ വീണ്ടും പൊതിരെ തല്ലി, എന്നിട്ട് ഒരു മൂലക്കിരുന്ന് വിങ്ങിക്കരഞ്ഞു.

ചുമ്മാറിന്റെ വടക്കെക്കുറ്റുള്ള ബ്ബാനയുടെ പറമ്പിൽ ഒതളത്തിന്റെ വേലി പുതുക്കികെട്ടിക്കൊണ്ടിരുന്ന തോമ വേഗം വിവരങ്ങൾ ബ്ബാനയെ ധരിപ്പിച്ചു. ഉടനെ തന്നെ ബ്ബാന നിർദ്ദേശിച്ച് തോമ സണ്ണിയെ കൂട്ടി വീട്ടിൽ എത്തി.

ക്രോസ് വിസ്താരം നടത്താൻ ബ്ബാന അവനെ ടൈപ്പ് റൈറ്റർ ഇരിക്കുന്ന ഓഫീസ് മുറിയിൽ കയറ്റിയിരുത്തി. എന്നിട്ടവന്റെ വിറ നിൽക്കാൻ തോമ വഴി പതിവായി മേടിച്ചിരുന്ന മിലിറ്ററി കാന്റീൻ വക ത്രിഗുണൻ റം ഒരു തുടം കുടിപ്പിച്ചു.

വടക്കെ ഇന്ത്യയിൽ ശീതകാലത്ത് ബ്രിട്ടീഷുകാർ തണുത്തു വിറയ്ക്കുന്ന കുതിരകൾക്ക് റം കൊടുത്തിരുന്നു എന്നതായിരുന്നു ബ്ബാനയുടെ പക്ഷം. ആവശ്യത്തിന് കുതിരശക്തിയുള്ള ഈ ലഹരി ഉള്ളിൽ ചെന്നപ്പോൾ സണ്ണിയുടെ കിടുകിടുക്കം ഒന്ന് താണു, ഒപ്പം നാവിന് അനക്കവും വച്ചു.

"പുണ്യാളനാണേൽ സത്യം, ഉപ്പി മുതലാളി രണ്ടു ദിവസത്തേയ്ക്ക് മതിയെന്നും പറഞ്ഞ് എന്നെക്കൊണ്ട് എടുപ്പിച്ചതാ, ബ്ബാന. ഞാൻ പിന്നെ ചോദിക്കുമ്പോഴൊക്കെ, നാളെ, നാളെ എന്നും പറഞ്ഞിരുന്നു.''

"എടാ മണ്ടശിരോമണി, ഇത് നാട്ടുകാരുടെ പണമല്ലെ? വെറും ഒരു വാക്കിന്റെ പുറത്ത് കൊടുക്കാവോ?''

"അല്ലേലും ഞാനൊരു മണ്ടനാ,'' എന്നു പറഞ്ഞ് സണ്ണി കരയാൻ തുടങ്ങി.

ബൂസ്റ്റർ ഡോസായി ബ്ബാന ഒരു വലിയ പെഗ്ഗ് അവനെക്കൊണ്ട് അകത്താക്കി. മദ്യത്തിന്റെ തീ നാളം സണ്ണിയുടെ സിരകളിലും മനസ്സിലും പിടിച്ച് തുടങ്ങിയപ്പോൾ ബ്ബാന മിതമായ ശബ്ദത്തിൽ ഉപദേശിച്ച് തുടങ്ങി.

"എടാ സണ്ണി, നീ ചുമ്മാരിന്റെ മകനാ. ചുമ്മാരിന്റെ മക്കളാരും കക്കത്തില്ലാന്ന് എനിക്കറിയാം. പക്ഷേങ്കില് അതിൽ



കാര്യമില്ല. നിയമത്തിന്റെ കണ്ണിൽ നീ കുറ്റക്കാരനാ. പറ്റിയത് പറ്റി, ഇനി നമ്മള് വളരെ സൂക്ഷിച്ച് വേണം നീങ്ങാൻ, മനസ്സിലായോ?''

''ഉവ്വ്''

''നീ ഇപ്പം തന്നെ നേരെ പോയി വികാരയച്ചന്റെ കാൽക്കൽ വീഴണം, എന്നിട്ടൊള്ള സത്യം തുറന്ന് പറയണം. അരിശക്കാരനാണേലും അച്ചൻ നല്ലവനാ. അങ്ങേര് വിചാരിച്ചാൽ ഒരുപക്ഷേ, ഉപ്പി മുതലാളിയുടെ മനസ്സൊന്ന് മാറിയേക്കും. എടാ നിനക്ക് മനസ്സിലാകുന്നുണ്ടോ ഞാനീ പറയുന്നത്?''

''ഉണ്ട്''

''ഞാൻ പൊലീസ്സിൽ വിളിച്ച് കേസിന്റെ നാനാവശങ്ങൾ ഒന്നന്വേഷിക്കട്ടെ. നീ ഇപ്പം പോയി അച്ചനെ കാണ്.''

ബ്വാനയുടെ വീട്ടിൽ ഇടയ്ക്കിടെ കരിമീൻ പൊള്ളിച്ചതും, ഷീവാസ് റീഗലും, അതിനോടൊപ്പം മഹനീയ ചിന്തകളും ഉൾക്കൊള്ളാൻ വരുന്ന ഒരു കണ്ണൂരുകാരൻ തീയനായിരുന്നു സ്ഥലത്തെ ഇൻസ്പെക്ടർ. കേസ് ഒത്തുതീർപ്പാക്കാനുള്ള മാർഗ്ഗങ്ങൾ ബ്വാന ഫോണിലൂടെ ആരാഞ്ഞപ്പോൾ, പൊലീസിന്റെ പ്രായോഗിക വശങ്ങൾ ഇൻസ്പെക്ടർ ഏമാൻ വിശദീകരിച്ചു.

''എഫ്.ഐ.ആർ. എന്നൊക്കെ പറഞ്ഞ് പരമാവധി ഒരു പത്തുദിവസം വലിച്ചുനീട്ടാം. അതിനുള്ളിൽ അപരാധിയല്ലെന്നുള്ള എന്തെങ്കിലും ഒരു തെളിവ് കിട്ടണം, ബ്വാന, അല്ലെങ്കിൽ എനിക്കകത്തിടാതെ നിവർത്തിയില്ല.''

ബ്വാനയും ഇൻസ്പെക്ടറും തമ്മിലുള്ള സംഭാഷണം കഴിഞ്ഞപ്പോൾ പള്ളിയിൽ സന്ധ്യാജപത്തിനുള്ള മണിയടിച്ചു. മകൻ കാനഡയിൽ നിന്നും കൊണ്ടുവന്ന റീച്ചാർജ് ചെയ്യാവുന്ന ഒരു കൊച്ച് ടോർച്ചുമായി ബ്വാന പള്ളിയിലേക്ക് നടന്നു. രണ്ടാഴ്ച മുന്നെയാണ് കന്യാസ്ത്രീ മഠത്തിലെ പറമ്പിൽ ചുമ്മാരും തോമയും കൂടി ഒരു മഞ്ചട്ടിയെ തല്ലിക്കൊന്നത്. യാതൊരു വിഷവും ഇല്ലാത്ത ചേരയും നീർക്കോലിയും മാത്രം പൊറുക്കുന്ന കുമരകത്തേയ്ക്ക് കിഴക്കൻ വെള്ളം കൊണ്ടുവരുന്ന ഓരോ കോടാലികൾ, ബ്വാന മനസ്സിൽ പ്രാകി.

കുശിനിയുടെ വടക്കുവശത്ത് എത്തിയപ്പോൾ അകത്തുനിന്നും അച്ചന്റെയും കപ്യാരുടെയും കൂട്ടായ്മയിലുള്ള പ്രാർത്ഥന കേട്ടു,'' ഞങ്ങളുടെ അപേക്ഷ ഉപേക്ഷിക്കാതെ ദയവുള്ളവളായി...''

അകത്ത് എത്രയും ദയയുള്ള മാതാവേ ചൊല്ലിത്തീർന്നപ്പോൾ ബ്വാന വാതിൽക്കൽമുട്ടി.

''അച്ചോ ബ്വാനയാ,'' അത്താഴത്തിന്റെ കൂടെ പതിവായി കഴിക്കുന്ന പനംചാരായം ഉള്ളിലെ അലമാരിയിൽ നിന്നും എടുത്തുകൊണ്ടിരുന്ന വികാരിയെ കപ്യാർ കൊച്ചാക്കോ വാതിൽക്കൽ നിന്നറിയിച്ചു.

''ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ,'' ബ്വാന രണ്ട് കൈയും കൂപ്പി വികാരിയെ ഭവ്യമായി വണങ്ങി. വന്ന കാര്യം വളരെ കുനിഷ്ടുപിടിച്ചതായിരുന്നു.

''ഉം, ഇരിക്ക്,'' അച്ചന്റെ ശബ്ദത്തിലുള്ള ബലം കേട്ടപ്പോൾ കൊച്ചാക്കോ കുശിയിലേക്ക് വലിഞ്ഞു.

''സണ്ണി കാണാൻ വന്നായിരുന്നോ അച്ചാ?''

''ആ വന്നു.''

''സംഭവിച്ചതൊക്കെ പറഞ്ഞല്ലോ?''

''ഉം''

''അച്ചന് ചുമ്മാരെയും കുടുംബത്തെയും നന്നായി അറിയാവുന്നതാണല്ലോ?''

''അത് കൊണ്ട്?''

''അച്ചോ, അവൻ പഠിപ്പില്ലാത്ത ഒരു മഠയനായിരിക്കും, പക്ഷേ, കള്ളനല്ല.''

''ഞാൻ അവനെ വിശ്വസിക്കണോ, അതോ നാട്ടിലെ മാന്യനും, മെത്രാന്റെ അനന്തരവനുമായ ഉപ്പിയെ വിശ്വസിക്കണോ? നീ പറ.''

''അല്ലേലും പള്ളിയെപ്പോഴും ബൂർഷ്വാസികളുടെ പക്ഷത്താണല്ലോ.''

''വേണ്ട, വേണ്ട, നിന്റെ കമ്മ്യൂണിസ്റ്റ് തത്ത്വങ്ങൾ ഒന്നും ഇവിടെ കേറി വന്ന് വിളമ്പണ്ടാ, എനിക്കീ കാര്യത്തിൽ യാതൊരു പങ്കുമില്ല.''

''അച്ചന് പങ്കുണ്ട്.''

''എന്നു വച്ചാൽ?''

''അവന് ബാങ്കിൽ ജോലി മേടിച്ചു കൊടുത്തത് അച്ചനാ.''

''അതിന്?''

''ബാങ്കിലെ കാഷ്യർ ജോലി ഏർപ്പാടാക്കിയപ്പം ഉപ്പി അച്ചനെയല്ലെ ആദ്യം അറിയിച്ചത്?''

''അതെ.''

''എട്ടാം ക്ലാസ് പാസാകാത്ത ഒരു പാവത്താന് ഇത്രയും ഭാരിച്ച ചുമതല കൊടുത്തപ്പം അച്ചന് അദ്ഭുതം തോന്നിയില്ലേ?''

''ആ, ഒരല്പം.''

''സംശയം തോന്നിയില്ലേ?''

''എടാ ബാങ്കിന്റെ പ്രസിഡന്റിനെക്കാളും ചുമതല എനിക്കുണ്ടോ?''

''അച്ചന്റെ നിലപാട് എനിക്ക് മനസ്സിലാക്കാൻ പറ്റുന്നുണ്ട്. ഞാൻ അതിൽ കുറ്റവും കാണുന്നില്ല.''

''പിന്നെ?''

''ഈ കാര്യത്തിൽ എനിക്ക് കൈ കഴുകി മാറി നിൽക്കാൻ പറ്റത്തില്ല. നിരപരാധിയായ അവനെ ക്രൂശിക്കാതിരിക്കാനുള്ള സകലശ്രമങ്ങളും ഞാൻ നടത്തും. അച്ചൻ എതിർക്കരുത് എന്നു മാത്രം എനിക്കൊരു അപേക്ഷയുണ്ട്. അതുപറയാനാ ഞാൻ വന്നത്. ഞാൻ പോകുന്നു.''

ബ്വാന പള്ളിമിറ്റത്തൂടെ നടന്നകലുന്നത് വികാരി കുറച്ചുനേരം നോക്കി നിന്നു, എന്നിട്ട് കതകടച്ചു. ''അവൻ പിന്നെ വന്നതെന്തിനാ?'' എന്നുള്ള സംശയം ഉള്ളിൽ കുറച്ചു നേരത്തേയ്ക്ക് തങ്ങിനിന്നു. ഊണുമേശയിൽ കൊച്ചാക്കോ നിരത്തിയിരുന്ന ചക്കക്കുരുവും മാങ്ങായും, ഇടിച്ചരച്ച വെടിയിറച്ചി, പോത്ത് ഒലർത്തിയതും മറ്റും കണ്ടപ്പോൾ വികാരി ബ്വാനയെ തൽക്കാലത്തേയ്ക്ക് വിട്ടു.

ഊണ് കഴിഞ്ഞ് ദീപിക വായിച്ചിരിക്കുമ്പോൾ സണ്ണിയെക്കുറിച്ചുള്ള ചിന്ത വികാരിയെ വല്ലാതെ അലട്ടി. ഒരാശ്വാസത്തിനായി അച്ചൻ ഉപ്പിയെ ഒന്നു വിളിക്കാൻ തീരുമാനിച്ചു.

''എന്നാ അച്ചോ ഈ പാതിരായ്ക്ക്?''

''ഓ ഒന്നുമില്ല. ആ ചുമ്മാരിന്റെ മകൻ സണ്ണി എന്നെ വന്നു കണ്ടായിരുന്നു ഇന്ന്. അവൻ പറയുന്നത് നിന്റെ സോഡാ ഫാക്ടറി-''

''അച്ചനെന്നെ വിശ്വാസം ഇല്ലെന്നായോ ഇപ്പം?''

''അല്ല, ബ്വാനയും വന്ന് പറഞ്ഞപ്പോൾ-''

''ആ പുതുപ്പണക്കാരൻ കമ്മ്യൂണിസ്റ്റ് തെണ്ടിയുമായി അച്ചൻ എന്തിനാ സംസാരിക്കുന്നത് തന്നെ?''

''ഞാൻ ആരോട് സംസാരിക്കണമെന്ന് ഞാൻ തീരുമാനിക്കും, അതിന് നിന്റെ ചീട്ട് വേണ്ട. നല്ല രാത്രി.''

''ഉപ്പി മുതലാളി ഒരു പൂളാനാന്നാ നാട്ടുകാരുടെ ഇടയിലുള്ള വർത്തമാനം. വെച്ചൂര് ഒരു പെണ്ണുംപിള്ളയുമായി കൂട്ടുകെട്ടുണ്ടന്നാ ഇവിടങ്ങളിൽ കേൾവി.''

കൊച്ചാക്കോയുടെ സമയോചിതമായ തിരുകിക്കൊടുക്കൽ വികാരിയെ

കൂടുതൽ വിഷമിപ്പിച്ചു. എന്നാൽ, അച്ചന്റെ ഫ്യൂസ് കത്തിയത് പിറ്റേന്ന് അരമനയിൽ നിന്ന് മെത്രാന്റെ വിളി വന്നപ്പോഴാണ്.

“വികാരിയച്ചൻ എന്തിനാ ഈവക കാര്യങ്ങളിൽ എടപെടുന്നത്? അതിന് പൊലീസില്ലേ?”

“അതല്ല പിതാവെ, ചുമ്മാരിന്റെ കുടുംബത്തിനെ എനിക്ക് നന്നായി അറിയാവുന്ന കാരണം–”

“എന്നാലെ, എനിക്ക് എന്റെ പെങ്ങടെ മകനെ അതിലും നന്നായിട്ടറിയാം. അച്ചൻ ഇനി ഇതും പറഞ്ഞ് ഉപ്പിയെ വിളിക്കണ്ട, ആരുടെയും പക്ഷവും കൂടണ്ട. നാം ഉത്തരവിടുന്നു.”

മെത്രാന്റെ ഒടുക്കത്തെ വാക്കുകൾക്ക് പള്ളിപ്പറമ്പിൽ കാണാറുള്ള ചൊറികണ്ണൻ ചെടിയുടെ ഫലം ഉണ്ടായി– അച്ചനാകമാനം ചൊറിഞ്ഞ് കയറി. തുമ്പ വെച്ചടിച്ച് തടിപ്പ് മാറ്റുന്നപോലെ. മറുമരുന്നിനായി അച്ചൻ പള്ളിതുറന്ന് അൾത്താരയിലേക്ക് നടന്നു, ഗുരുതരമായ പ്രശ്നങ്ങൾ നേരിടാൻ പതിവായി ചെയ്യുന്ന മാമൂലിനായി. സ്വർഗ്ഗത്തിലേക്ക് ട്രങ്ക് കോൾ.

“അല്ല അറിയാം മേലാഞ്ഞിട്ട് ചോദിക്കുവാ തമ്പുരാനെ. ഈ നാം–ന് ഇതെന്നാത്തിന്റെ സോക്കേടാ?” കുരിശേൽ കിടക്കുന്ന കർത്താവിനെ അഭിസംബോധന ചെയ്ത് അച്ചൻ തുടങ്ങി.

“ഞാൻ വലിയ ചാവദോഷം ഒന്നുമല്ലല്ലോ കാട്ടിയത്? നമ്മുടെ പള്ളിയിൽ പതിവായി കൂടുന്ന ഒരു പാവം ചെറുക്കന് എങ്ങനെ ഈ പിശകുപറ്റി എന്നൊന്നന്വേഷിച്ചു.

“അതിനെന്തിനാ മെത്രാച്ചൻ എന്റെ മേക്കട്ട് കേറുന്നത്? മാത്രമല്ല, അങ്ങേരുടെ അനന്തരവൻ അത്ര പുണ്യാളനൊന്നുമല്ല താനും.”

“പിതാവ് എന്റെ മേലധികാരിയായ നിലയിൽ എനിക്ക് പറയുന്നതൊക്കെ അനുസരിക്കണം, സമ്മതിച്ചു. എന്നും പറഞ്ഞ് ഈ പീറ ഉപ്പിയുടെ വായിലിരിക്കുന്നത് ഞാൻ എന്തിനാ കേൾക്കേണ്ടത്? ശെടാ, ആനയെ പേടിച്ചാൽ പോരെ, ആനപ്പിണ്ടത്തെയും പേടിക്കണോ?”

വികാരിയച്ചൻ ഉന്നതങ്ങളുമായി സംഭാഷണം നടത്തുമ്പോൾ ബ്വാന പുഷ്ക്കരനുമായി സണ്ണിപ്രശ്നം ചർച്ച ചെയ്യുകയായിരുന്നു. പാർട്ടിയുടെ വശത്തുനിന്നും വലിയ പ്രതീക്ഷയൊന്നും കണ്ടില്ല.



“കേട്ടിട്ട് ഇതൊരു പോക്ക് കേസാ ബ്വാന. ഞാൻ തെക്കുംഭാഗത്തെ നമ്മുടെ ശങ്കുണ്ണിമേനോൻ വക്കീലിനോട് ഏതായാലും ഒന്ന് അന്വേഷിച്ചു നോക്കാം.”

പിറ്റേന്നായപ്പോൾ ബ്വാനക്ക് എല്ലാ വാതിലുകളും അടയുന്നപോലെ തോന്നി. മനസ്സിനൊരു ഉഷാറ് വരാൻ ബ്വാന മകനുമായി ഇംഗ്ലീഷ് ചതുരംഗത്തിൽ ഒന്നു പൊരുതാൻ തീരുമാനിച്ചു. തനിപ്പിടി, കാരംസ്, ബാഡ്മിന്റൻ എന്നിവയിലൊക്കെ തോറ്റാൽ ബ്വാനയ്ക്ക് അത്രയ്ക്ക് വിഷമമില്ല. ചതുരംഗത്തിൽ തോറ്റാൽ സഹിക്കത്തില്ല. അതിനാൽ, “ഹാ, നിന്റെ തേരിനെ ഞാൻ കണ്ടില്ല, തിരിച്ചുവൈ, മാറ്റിക്കളിക്കണം, എടാ എനിക്ക് പഴയപോലെ കണ്ണു പിടിക്കത്തില്ല,” എന്നൊക്കെ ഒഴിവുകഴിവുകൾ പറയും. താമസിയാതെ മകനൊരു ബദൽവിദ്യ കണ്ടുപിടിച്ചു. ഏതെങ്കിലുമൊരു പ്രധാന കരുവിനെ വീഴ്ത്താൻ സാധിച്ചാൽ, അവനതും പൊക്കി പറമ്പിലേയ്ക്കോടിക്കളയും.

കളി തുടങ്ങി അധികം ആയില്ല. കുതിരയെ കുരുതികൊടുത്ത് ബ്വാനയുടെ മന്ത്രിയെ വീഴ്ത്തിയ മകൻ വിജയകാഹളം മുഴക്കി പറമ്പിലേക്ക് കുതിച്ചു. തലയിൽ കൈയും വച്ചിരുന്ന ബ്വാനക്ക് പെട്ടെന്നൊരു ബുദ്ധി ഓടിയെത്തു. അന്ന് രാത്രി സണ്ണിയെ വിളിപ്പിച്ച് കുറെ നേരം ഓഫീസ് മുറി അടച്ചുവച്ച് അവർ സംസാരിച്ചു.

അടുത്ത മൂന്നാല് ദിവസത്തേക്ക് ബ്വാനക്ക് ഉത്രാടപ്പാച്ചിലായിരുന്നു. ഫോണിലൂടെ ലോക്കലും, ട്രങ്കുംവിളികൾ; പൊലീസ് സ്റ്റേഷനിൽ ഇൻസ്പെക്ടർ ഏമാനുമായി രഹസ്യചർച്ചകൾ; ചുമ്മാരിന്റെ വീട്ടിലും പാർട്ടി ഓഫീസിലും സന്ദർശനങ്ങൾ, എന്നിങ്ങനെയാകെ തിരക്ക്.

മൂന്നാംപക്കം വൈകുന്നേരം വികാരിയെ കണ്ട് ബ്വാനയുടെ മനസ്സിൽ ഉണ്ടായിരുന്ന പദ്ധതി മുഴുവൻ കുമ്പസാരം പോലെ തുറന്നറിയിച്ചു. എല്ലാം കേട്ടു തീർന്നപ്പോൾ അച്ചൻ ചോദിച്ചു.

“എടാ ഇതൊക്കെ നിയമവിരുദ്ധമായ നടപടികളല്ലേ?”

“ഇതിലിപ്പം ആർക്കും ഒരുപദ്രവം വരുന്നില്ലല്ലോ?”

“എന്നാലും കുറ്റം കെട്ടിച്ചമയ്ക്കുന്ന പോലെ ആകത്തില്ലെ?”

“ഇല്ല. എല്ലാം സന്ദർഭ തെളിവുകൾ മാത്രമല്ലേയുള്ളൂ?”

“ആട്ടെ, നീ എന്തിനാ ഇതെല്ലാം എന്നോട് വന്നു പറയുന്നത്?”

“ഒടുവിലത്തെ കരുനീക്കം ഒരുപക്ഷേ, അച്ചൻ ചെയ്യേണ്ടിവരും. ഒരു നിരപരാധിയെ രക്ഷിക്കുന്ന കാര്യം ആയതുകൊണ്ട് അച്ചൻ സഹകരിക്കും എന്നു തോന്നി.”

മലബാറിലുള്ള വികാരിയുടെ അനിയൻ വീട്ടിൽ വാറ്റുന്ന ചാരായം അച്ചനും ബ്വാനയും അന്നുരാത്രി പങ്കുവച്ചു. കൊച്ചാക്കോ തന്റെ പതിവ് കുശിനിയിൽ ഇരുന്ന് മുത്തിക്കുടിച്ചു.

അന്നത്തെ അത്താഴം കഴിഞ്ഞയു

ടനെ അച്ചൻ കുറച്ചുനേരം അൾത്താരയിൽ ചെലവാക്കി, ദൈവംതമ്പുരാനുമായി ബ്വാനയുടെ ഒപ്പരശ്ശ് നീക്കങ്ങൾ ആകെയൊന്ന് വിലയിരുത്താൻ. എന്നിട്ട്, ഒരു പ്രത്യാശാ മനോഭാവത്തിൽ നല്ലരാത്രി പറഞ്ഞ് പിരിഞ്ഞു.

“തൽക്കാലം തമ്പുരാനെ ഞാൻ ഇവന്റെ പരിപാടിയുമായി സഹകരിക്കാൻ പോകുവാ. എത്ര അപരാധികൾ രക്ഷപെട്ടാലും ഒരു നിരപരാധി ശിക്ഷിക്കാൻ പാടില്ല എന്നല്ലെ വെപ്പ്? പിന്നെ, ഒത്താൽ ഇതിനിടയിൽ ഇടവകയ്ക്ക് ഒരു നല്ല കാര്യവും സാധിച്ചെന്ന് വരാം. അത് നമുക്ക് പിന്നെ സംസാരിക്കാം.”

പിറ്റേന്ന് വൈകുന്നേരം ബ്വാന പതിവില്ലാതെ ഉപ്പിമുതലാളിയുടെ മാളികവീട്ടിൽ കേറിച്ചെന്നു.

“അയ്യോ, ഇതാരാ? ഇന്ന് കാക്ക മലർന്ന് പറക്കുവല്ലോ,” എന്ന മുഖവരയോടെ, മൊസൈക്ക് തിണ്ണയിൽ ചാരുകസേരയിൽ കാലുകൾ നീട്ടിവച്ച് പത്രം വായിച്ചിരുന്ന ഉപ്പി മുതലാളി ബ്വാനയെ വരവേറ്റി.

കുശലം പറയുന്നതിനിടയിൽ ഉപ്പി മുതലാളിയുടെ ഹാഫ്സാരിയിട്ട മകൾ ഓറഞ്ച് സ്ക്വാഷും, കുഴലപ്പം, അവിലോസുപൊടി, ചീപ്പപ്പം എന്നിങ്ങനെ ഒരു പഴമുറം വലിപ്പത്തിലുള്ള ട്രേ നിറയെ പലഹാരങ്ങൾ കൊണ്ടുവച്ചു.

“ഇവളെ കെട്ടിക്കാറായില്ലേ?” എന്ന ബ്വാനയുടെ ചോദ്യം കേട്ട് പെണ്ണ് കുണുങ്ങി ചിരിച്ചുകൊണ്ട് ഉള്ളിലേയ്ക്കോടി മറഞ്ഞു.

“നല്ലൊരു ആലോചന വന്നിട്ടുണ്ട്. എല്ലാം ഒത്താൽ അൻപത് നോയ്മ്പ് കഴിഞ്ഞാലുടനെ നടത്തണം.”

മിറ്റത്തൂടെ ഉപ്പി മുതലാളിയുടെ സ്ഥിരം അംഗരക്ഷകൻ- വാവ- ഒരു ജേഴ്സി പശുവിനെ മൂക്കുകയറിട്ട് വലിച്ച് പറമ്പിലേക്ക് നീങ്ങി. “ഓ ഇവനാണ് പ്രശ്നക്കാരെ കല്ലുകെട്ടി കപ്പച്ചാലിൽ താക്കുന്ന കിങ്കരൻ,” നാട്ടുകാരുടെയിടയിലുള്ള സംസാരം ബ്വാനയുടെ മനസ്സിലൂടെ കടന്നുപോയി.

“എടാ വാവ, നമുക്ക് രാത്രി ഊണു കഴിഞ്ഞാലുടനെ ഇറങ്ങണം. ഇന്നാളത്തെപോലെ തോക്കിന്റെ കൂടെ തോട്ടയെടുക്കാൻ മറക്കല്ല്,” എന്ന് മിറ്റത്തേക്ക് വിളിച്ചു പറഞ്ഞിട്ട്, പാതിരാമണലിൽ എമ്പടി വെളിര് ചേക്ക കേറാൻ വരും,” ഉപ്പിമുതലാളി ബ്വാനയോടായി വിശദീകരിച്ചു.

“ബോട്ടേൽ എങ്ങോട്ടാ?”

“വെച്ചൂരു വരെയൊന്ന് പോകണം.”

“ഞാൻ വന്നത് ആ സണ്ണിയുടെ കാര്യം പറയാനാ.”

“ബ്വാന എന്തിനാ അവന്റെ വക്കാലത്തിന് പോകുന്നത്?”

“ അവനൊരു പാവമാ ഉപ്പി. കുറച്ച് കാരുണ്യം കാണിച്ചൂടെ?”



“എനിക്ക് പറയാനുള്ളതെല്ലാം ഞാൻ എല്ലാരോടും പറഞ്ഞുമടുത്തു. ബ്വാനയുടെ സിൽബന്തിയുണ്ടല്ലോ? ആ ഇൻസ്പെക്ടർ? അവൻ എന്റെയടുത്ത് കുറെ ചികഞ്ഞുനോക്കി. എന്നാ കിട്ടാനാ? ഇനിയങ്ങോട്ട് നിയമത്തിന്റെ വഴി. അത്രയെ എനിക്ക് പറയാനുള്ളു.”

“ജയിലിൽ പോയാൽ അവന്റെ കാര്യം പോക്കാ. എല്ലാരുംകൂടി തല്ലി ചതയ്ക്കും.”

“കക്കുമ്പം ഓർക്കണായിരുന്നു.”

“എന്നാലും ഉപ്പി-”

“എന്നാലും ഒന്നുമില്ല.”

“അണമുട്ടിയാൽ നീർക്കോലിയും കടിക്കും.”

“എന്നുവച്ചാൽ?”

“എനിക്കറിയാംമേല. ആത്മഹത്യാന്നും, കൊലപാതകോന്നും ഒക്കെ പറഞ്ഞ് അവൻ അതിലെ നടപ്പുണ്ട്,” ബ്വാന എണീറ്റുകൊണ്ട് പറഞ്ഞു. “ഏതായാലും ഉപ്പിയൊന്ന് കരുതിയിരിക്കുന്നതാ നല്ലത്. ഞാൻ ഇറങ്ങട്ടെ,” എന്നും പറഞ്ഞ് ചെറിയൊരു കതിനയ്ക്ക് തിരികൊളുത്തിയിട്ട് ബ്വാന മടങ്ങി. വരുന്നവഴിക്ക് സണ്ണിയുടെ വീട്ടിൽ കയറി ഉപ്പിയുടെ ഉറച്ച നിലപാടും അവനെ അറിയിച്ചു.

പിറ്റേന്ന് ബ്വാന എണീക്കുന്നത് വാതിൽക്കൽ ആരോ നിറുത്താതെയുള്ള മുട്ടുന്ന ശബ്ദം കേട്ടാണ്. ചുമ്മാരായിരുന്നു, “സണ്ണിയെ കാൺമാനില്ല,” എന്ന വാർത്തയുമായി.

“അതിനവൻ എങ്ങോട്ടാ പോയത്, ഈ വിനാശകാലത്ത്?” വ്യാകുലനായി ബ്വാന ചോദിച്ചു. “എങ്ങോട്ടാന്ന് പറഞ്ഞില്ല. ഇന്നലെ വൈകുന്നേരം പുറത്തോട്ടിറങ്ങിയതാ.”

“ഞാൻ ശാപ്പിൽ കണ്ടായിരുന്നു.” മിറ്റത്ത് തേങ്ങ പൊതിച്ചുകൊണ്ടിരുന്ന തോമ പറഞ്ഞു.

“അവൻ നിന്നോട് വല്ലതും പറഞ്ഞോ?” ബ്വാന ചോദിച്ചു.

“ഞങ്ങളൊന്നിച്ചാ അവിടുന്ന് ഇറങ്ങിയത്. ഞാൻ കിഴക്കോട്ടും, അവൻ ഉപ്പിമുതലാളിയെ കാണാൻ തെക്കോട്ടും പോയി.”

“എന്തിനാണെന്ന് പറഞ്ഞോ?”

“ഏതാണ്ട് തെളിവ് കിട്ടീന്നോ, അത് കാണിച്ചാൽ ഉപ്പിമുതലാളി കുറ്റം സമ്മതിക്കും എന്നൊക്കെ പറയുന്നുണ്ടായിരുന്നു.”

“എന്റെ പള്ളീ,” ചുമ്മാര് നെഞ്ചത്ത

ടിച്ചു.

ബ്വാന അകത്തുപോയി ഉപ്പിമുതലാളിയുടെ വീട്ടിലേക്ക് ടെലിഫോൺ കറക്കി. പെമ്പിളയെ കിട്ടി.

“ഫാക്ടറിയുടെ പണിക്ക് വെച്ചൂർക്ക് പോയിരിക്കുവാ. രണ്ടുദിവസം കഴിഞ്ഞ് വരുമെന്നാ പറഞ്ഞത്.”

“ഇന്നലെ രാത്രി നമ്മടെ ചുമ്മാറിന്റെ മകനില്ലെ, സണ്ണി? അവൻ അവിടെയെങ്ങാനും വന്നായിരുന്നോ?”

“ഉവ്വാ.”

“എന്നിട്ടൊടനെ പോയോ?”

“അതു ഞാൻ കണ്ടില്ല. മിറ്റത്ത് കുറെ ഒച്ചയും ബഹളവും കേട്ടു. അതു കഴിഞ്ഞയുടനെയാ ഉപ്പിച്ചായനും വാവയും ബോട്ടെടുത്ത് പോയത്. എന്നാ കാര്യം ബ്വാന?”

‘‘ഓ ഒന്നുമില്ല. ഞാൻ പിന്നെ വിളിക്കാം.”

ബ്വാന ചുമ്മാരെയും കൂട്ടി പൊലീസ് കച്ചേരിയിൽ എത്തി. ഡ്യൂട്ടിയിലിരുന്നത് പരേതനായിരുന്നു. ഈച്ചകേറാൻ പാകത്തിന് എപ്പോഴും വായൽപ്പം തുറന്ന്, മുഖത്ത് വികാരമോ, മാംസകോശങ്ങൾക്ക് ചലനമോ ഇല്ലായിരുന്ന ഈ കോൺസ്റ്റബിളിനെ നാട്ടുകാർ പരേതൻ എന്ന് വിളിച്ച് വന്നിരുന്നു. താമസിയാതെ ഇതിന് മാന്യത ആർജ്ജിച്ചപ്പോൾ, പരേതൻ സാർ, എന്നായി വിളി.

‘‘അവന്റെ മുണ്ടോ ചെരിപ്പോ വല്ലതും കാണാതെയുണ്ടോ?’’ കാൺമാനില്ല റിപ്പോർട്ട് പൂരിപ്പിക്കുമ്പോൾ പരേതൻ ചുമ്മാരോട് ചോദിച്ചു.

‘‘ ഇല്ല, എല്ലാം ഭദ്രമായിട്ട് വീട്ടിലുണ്ട്,’’ മടക്കിക്കുത്ത് അഴിച്ചിട്ട് അല്പം കുനിഞ്ഞ് റാൻ നിലയിൽ നിന്നിരുന്ന ചുമ്മാർ വാസ്തവം ബോധിപ്പിച്ചു.

അന്ന് രാത്രി കുമരകത്തെ എല്ലാ വാർഡിലും, അവയിലെ ഷാപ്പുകളിലും, സംസാരവിഷയം സണ്ണിയായിരുന്നു. ഒളിച്ചോട്ടം, ആത്മഹത്യ, കൊലപാതകം, എന്നിങ്ങനെ പല ഊഹാപോഹങ്ങൾ, അതിനെച്ചൊല്ലി വാഗ്വാദങ്ങളും. നാടുവിട്ടാൽ തുണിയും മറ്റും കാണാതാവണ്ടെ? അതിന് ചുമ്മാര് കള്ളം പറഞ്ഞാൽ പോരെ? ആത്മഹത്യയാണേൽ ശവമെവിടെ? കൊലപാതകം; ഈ കേസ്സിൽ അതൊരു കടന്ന കൈയല്ലേ?

വിവരങ്ങൾ അറിഞ്ഞ് ഉപ്പിമുതലാളി വെച്ചൂർ യാത്ര വെട്ടിച്ചുരുക്കി അടുത്ത ദിവസം തന്നെ മടങ്ങിയെത്തി. ഇൻസ്പെക്ടർ സാറ് രാത്രി എറണാകുളത്തെ ടിബിയിൽനിന്നും ബ്വാനയെ വിളിച്ചു. ഒരു പട്ടിക്കാര്യം പറയാൻ.

“കൊച്ചിയിലെ ക്രൈംബ്രാഞ്ചിന് മൂന്ന് അൽസേഷൻ ഉണ്ട്. ഞാനൊന്ന് ചോദിച്ചു നോക്കട്ടെ കിട്ടുമോന്ന്.”

പിറ്റേദിവസം ഉച്ചകഴിഞ്ഞപ്പോൾ ചെന്നായയുടെ രൂപമുള്ള ഒരു പൊലീസ് നായയുമായി പരേതനേമാൻ സണ്ണിയുടെ വീട്ടുമുറ്റത്തെത്തി. അവൻ രാത്രി പതിവായി ഉടുത്തിരുന്ന കൈലി മുണ്ടിൽനിന്നും മണംപറ്റി, നായയും ഏമാനും മൂന്നാം നമ്പർ ഷാപ്പ് വഴി തെക്കുപടിഞ്ഞാറ് ഉന്നമാക്കി കുതിച്ചു. കൂടെ മൂന്നാം വാർഡിലെ കുറെ ന്യൂസപ്പന്മാരും. നമ്മുടെ ഉണ്ടപെറുക്കി തോമായും ആ കൂട്ടത്തിൽകൂടി.

തോമയിൽനിന്നും കിട്ടിയ ദൃക്സാക്ഷി വിവരണം പിറ്റെ തിങ്കളാഴ്ചത്തെ സരസനിൽ കുട്ടപ്പൻ തന്റെ സ്വന്തം വകയും ചേർത്ത് കീച്ചി.

തിങ്കളാഴ്ച ഉച്ചയടുത്തപ്പോൾ കോട്ടയം പ്രൈവറ്റ് സ്റ്റാന്റ്, കുമരകം ചന്ത, ജെട്ടിക്കവല, എന്നിവടങ്ങളിൽ പത്രം, മാസിക, പഞ്ചാംഗം മുതലായവ പറഞ്ഞുനടന്ന് വിൽക്കുന്ന പിള്ളേർപ്പട ഉറക്കെ കാറി.

“...കുറിച്ചിയിൽ അറുപതുകാരൻ തന്റെ നാല്പതുകാരി ഭാര്യയേയും കാമുകനേയും കോടാലിക്ക് വെട്ടി. കുമരകത്തെ ബാങ്ക് തട്ടിപ്പുകേസിൽ കാണാതായ സണ്ണി കൊലപ്പെട്ടതായി പുതിയ തെളിവുകൾ. ചൂടുവാർത്ത...’’



കുട്ടപ്പന്റെ പത്രറിപ്പോർട്ട് ഒരു മുട്ടത്തുവർക്കി നോവൽപോലെ തുടങ്ങി.

"വേമ്പനാട് കായലരികിൽ, കാറ്റത്ത് മെല്ലെയാടുന്ന കേരവൃക്ഷങ്ങളെ തഴുകി നിൽക്കുന്ന ഹരിതമായ കുമരകം ഗ്രാമത്തിലെ ഏറ്റവും ആഢ്യത്തെ മാളിക വീടിന്റെ മുറ്റത്താണ് ഈ ദാരുണകഥ മുളയിടുന്നത്. രാത്രി ഫസ്റ്റ് ഷോ..."

തുടർന്നുള്ള ഖണ്ഡികകളിൽ പൊലീസ് നായ വഴി സണ്ണിയുടെ ഒരു നീലത്തൂവാല ഉപ്പിമുതലാളിയുടെ ബോട്ടിൽനിന്നും കണ്ടുകിട്ടിയെന്നുള്ള ഞെട്ടിപ്പിക്കുന്ന വാർത്ത. "ഉപ്പി മുതലാളിയെ താമസിയാതെ അറസ്റ്റ് ചെയ്തേക്കും, എന്നാൽ, മാതൃ സഹോദരനായ കോട്ടയം അതിരൂപത മെത്രാന്റെ സ്വാധീനം എത്രനാൾ പിടിച്ചുനിൽക്കാൻ ഉപകരിക്കും എന്ന് കാണേണ്ടിയിരിക്കുന്നു," എന്നിങ്ങനെ എങ്ങും തൊടാതെ അപവാദം ഉളവാക്കുന്ന പ്രസ്താവനകൾ.

കുട്ടപ്പന്റെ സണ്ണി കൊലപാതകം റിപ്പോർട്ട് ഒരു ഭീഷണിയുടെ ധ്വനിയിൽ അവസാനിച്ചു.

"സംഭവരാത്രി ഉപ്പിമുതലാളിയുടെ ബോട്ട് പാതിരാമണലിൽ അടുപ്പിക്കുന്നത് കണ്ടവരും, അവിടെ കുറെ വെടിവയ്പിന്റെ ശബ്ദം കേട്ടവരും സാക്ഷികളായി ഉണ്ടെന്ന് അറിയുന്നു. പിന്നീട് കപ്പച്ചാൽവഴി ബോട്ട് വെച്ചൂർക്ക് പോകുന്നത് നേരിട്ടുകണ്ട വലക്കാരുടെ മൊഴികൾ മഹസ്സറിൽ കൊള്ളിച്ചിട്ടുണ്ടെന്ന് കുമരകത്തെ ഇൻസ്പെക്ടർ നിങ്ങളുടെ ലേഖകനെ അറിയിച്ചു.

"സോഡാ ഫാക്ടറി എന്ന വ്യാജേന എല്ലാ മാസവും ഉപ്പിമുതലാളിയുടെ വെച്ചൂർക്കുള്ള പോക്കിന്റെ പിന്നിൽ ചില മലിനവശങ്ങൾ കൂടിയുണ്ടെന്ന് ഇപ്പോൾ അറിയുന്നു. പേരുവച്ചുള്ള വിശദവിവരങ്ങൾ അടുത്തലക്കത്തിൽ.

സ്വലേ.

കുമരകം കുട്ടപ്പൻ."

സരസൻ ഇറങ്ങിയതിന്റെ രാത്രി ചുമ്മാരിന്റെ വീട്ടിൽ അയൽപക്കക്കാർ കൂടി പാന വായിച്ചു.

"...അമ്മ കന്നിമണി തന്റെ നിർമ്മല ദുഃഖങ്ങളിപ്പോൾ ഉമ്മയാലെ മനസ്സൊറ്റു കേട്ടുകൊണ്ടാലും

ദുഃഖമൊക്കെ പറയുവാനോ വാക്കു പോര

ഉൾക്കനെ ചിന്തിച്ചുകൊൾവാൻ ശക്തിയും പോര.

ചതിച്ചോ, പുത്രാ.."

ചുമ്മാരിന്റെ കുടിലിൽ മരണഗാഥ മുഴങ്ങിയപ്പോൾ കോട്ടയത്തെ അരമനയിൽ മെത്രാന്റെ കിടപ്പുമുറിയിൽ ഉപ്പിമുതലാളിയുടെ മരണവെപ്രാളത്തിലുള്ള ഫോൺവിളി വന്നു.

"പിതാവ് വിചാരിച്ചാലെ ഇത് ഒതുക്കാൻ പറ്റത്തുള്ളു. ആ എരപ്പാളികൾ മെത്രാന്റെ പേരുംകൂടി നാറ്റിക്കാനുള്ള ശ്രമമാ."

"ഞാൻ എന്നാ ചെയ്യണോന്നാ നീ പറയുന്നത്?"

ഉപ്പിമുതലാളി തന്റെ ബുദ്ധിയിൽ വന്നയൊരു പരിഹാരമാർഗ്ഗം എടുത്തിട്ടു.

മുഴുവൻ കേട്ടുതീർന്നപ്പോൾ വന്ദ്യപിതാവ് പറഞ്ഞു, "എന്നാൽ, നീ നാളെ ഉച്ചകഴിഞ്ഞ് ഇങ്ങോട്ടുവാ. വികാരിയെ ഞാൻ വിളിപ്പിക്കാം."

പിറ്റേന്ന് മെത്രാന്റെ മുറിയിൽ നാലുമണിക്കാപ്പിയും കൂടെ കൊറിക്കാൻ മുറുക്ക്, അച്ചപ്പം, ചുരുട്ട്, എന്നിങ്ങനെ മധുരപലഹാരങ്ങൾ നിരത്തിവച്ച ഒരു മേശയുടെ ചുറ്റും ഇരുന്ന് മൂന്നുകൂട്ടർ ഉപ്പിമുതലാളിയുടെയും, അതുവഴി മെത്രാച്ചന്റെയും മാനം കാക്കാനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുതുടങ്ങി. കുമരകത്തെ ഗൗരവക്കാരൻ വികാരി കൂടുതലും കേൾക്കുന്ന പണിയിൽ മുഴുകി. പദ്ധതിയുടെ രൂപം ഉപ്പി മുതലാളി വാർത്തെടുക്കുമ്പോൾ, ഇടയ്ക്കിടെ വിട്ടുപോകുന്ന വിശദാംശങ്ങൾ പിതാവ് പൂരിപ്പിച്ചു.

ഒടുവിൽ, "പിതാവിനറിയാവല്ലോ, അവൻ ഒരു താന്തോന്നിയാണ്. ഞാൻ പരമാവധി ശ്രമിച്ചു നോക്കാം," എന്ന് പറഞ്ഞു വികാരി പിതാവിന്റെ കൈമുത്തി കുമരകത്തിന് യാത്രയായി.

അന്ന് വൈകിട്ട് തന്നെ അച്ചൻ ബ്വാനയെ പള്ളിയിലേക്ക് വിളിപ്പിച്ചു.

അരമനയിലെ സംഭാഷണങ്ങളുടെ രത്നച്ചുരുക്കം അറിയിച്ചു, എന്നിട്ട് തന്റെ അഭിപ്രായം വെളിപ്പെടുത്തി.

"കാര്യങ്ങൾ ഇത്രയുമായ സ്ഥിതിക്ക് ഇനി ഇതിവിടെ നിറുത്തി ഒരു തീർപ്പാക്കേണ്ട സമയമായി."

"വെറുതെയങ്ങ് പിൻവാങ്ങിയാൽ എങ്ങനെയാ അച്ചോ?"

"വെറുതെയല്ലല്ലോ? ചെലവുകൾ ഉപ്പിയേറ്റിരിക്കുവല്ലേ? കുട്ടപ്പന് അഞ്ഞൂറ്, നിന്റെ ഇൻസ്പെക്ടറിന് ആയിരം. പിന്നെ ബാങ്കിന് കൊടുക്കാനുള്ള ഇരുപത്തിയയ്യായിരം അവന്റെ കുമ്മനത്തെ പാടം വിറ്റാൽ ഉടനെ ചുമ്മാരെ ഏൽപ്പിക്കും– ബാങ്കിൽ അടക്കാൻ. എന്താ പോരെ?"

"അപ്പോൾ സണ്ണി കട്ടെന്ന് വരത്തില്ലെ, നാട്ടുകാരുടെ കണ്ണിൽ? അത് ന്യായമാണോ?"

"എടാ, സണ്ണി കുറ്റക്കാരനല്ലാന്ന് എന്തെങ്കിലും തെളിവുണ്ടോ നിന്റെ കൈയിൽ? നീ കൊണ്ടെ വെപ്പിച്ച ഒരു വാഴക്കതൂവാലയും പത്രവാർത്തയുമൊക്കെ വെറും ഓലപ്പാമ്പല്ലേ? ഉപ്പി ഇപ്പോളിതിന് സമ്മതിച്ചത് തന്നെ അവന്റെ മകളുടെ കല്യാണക്കാര്യം മൂത്തുനിൽക്കുന്നതുകൊണ്ടാ. അമേരിക്കേന്നുള്ള ഒരു ഡോക്ടർ ചെറുക്കനാ സംബന്ധത്തിന് വന്നിരിക്കുന്നത്. ഇനിയും പേപിടിച്ച വല്ല പത്രവാർത്തയും വന്ന് കല്യാണത്തിനൊരു ഇടങ്കേട് വരാതിരിക്കാനാ ഉപ്പി പണിപ്പെടുന്നത്. അതുകൊണ്ട് ഇങ്ങനെയൊരു ഒത്തുതീർപ്പ് ഇപ്പോ നടന്നാ നടന്നു."

ബ്വാന ഒടുവിൽ സമ്മതിച്ചു. അന്നുരാത്രി തന്നെ ബോംബെയിലേക്ക് ഫോൺ വിളിച്ച് വിവരങ്ങളും അറിയിച്ചു.

"എടാ സണ്ണി, നീയിനി ഉടനെ ഇങ്ങോട്ട് തിരിക്കണ്ട. ഇവിടുത്തെ അന്തരീക്ഷം കുറച്ചൊന്ന് തണുക്കട്ടെ. അച്ചനും അതു തന്നെയാ പറഞ്ഞത്."

"അളിയൻ ഇവിടെയൊരു ഹോട്ടൽ തുടങ്ങാനാ പരിപാടി. അതിന് ഞാൻ ഏതായാലും ഇവിടെ നിൽക്കാൻ പോകുവാ, ബ്വാന."

"ഞാൻ പണ്ട് നിന്നോട് പറഞ്ഞിട്ടില്ലേ? പാടത്തെ ഞാറ് പറിച്ച് നട്ടാലേ അത് തഴച്ച് വളരത്തൊള്ളു. അതുകൊണ്ട് എല്ലാം നന്നായി. നിന്റെ അളിയനോട് വർഷം ഒന്ന് കഴിഞ്ഞൂന്ന് പറ. സമയം കളയാതെ പിള്ളേരെ ഉണ്ടാക്കി തുടങ്ങട്ടെ."

പിറ്റേന്ന് ഫാസ്റ്റ് ബസ്സ് പിടിച്ച് വികാരി അരമനയിൽ എത്തി. മധുരപ്രിയനായ പിതാവിനോടൊപ്പം അരിപ്പുട്ടും, ഞാലിപ്പൂവനും, പാനിയും കുഴച്ച് കഴിക്കുന്നതിനിടയിൽ അച്ചൻ പള്ളിവക തുറുപ്പുഗുലാൻ ഇറക്കി.

"ഹേ? നമ്മുടെ മിസ്സത്തിനെ കുത്തുപാള എടുപ്പിച്ചേ അവൻ അടങ്ങൂ, അല്ലേ?" ബിഷപ്പ് ക്ഷുഭിതനായി ചോദിച്ചു.

"അരമനയിൽ നിന്നും ഇങ്ങനെയൊരു തീരുമാനം കുറ്റം ഏറ്റെടുക്കുന്ന സണ്ണിയോട് കാട്ടുന്ന ഒരു കാരുണ്യപ്രവൃത്തി ആയിരിക്കുമെന്നാ ബ്വാന പറയുന്നത്."

“നടക്കത്തില്ല. അവനോട് പോയി പണിനോക്കാൻ പറ.”

“ഞാൻ കുറെ പറഞ്ഞുനോക്കി, പക്ഷേ, അടുക്കുന്നില്ല. ഇന്ന് വൈകിട്ട് തീരുമാനം അറിയിച്ചില്ലേൽ ഇൻസ്പെക്ടറെ സ്വാധീനിച്ച് ഉപ്പിയെ ചോദ്യം ചെയ്യാൻ സ്റ്റേഷനിൽ കേറ്റുമെന്നോ അവന്റെ നിലപാട്. കമ്മ്യൂണിസ്റ്റുകാരാണേൽ നമ്മളെ നാറ്റിക്കാൻ നോക്കി നിൽക്കുവാ, പിതാവിനറിയാവല്ലോ?”

“ഇതിന് കാശ് എന്തുമാത്രം വേണം? ഇവിടെയെന്നാ മരത്തെ കിളുക്കുന്നോ?”

“ഇന്നലെ ഞാൻ സെക്രട്ടറിയച്ചനെ കണ്ടപ്പം പേരൂര് നമ്മുടെ മന്നാമല മേടിക്കാൻ ഏതോ കൽക്കട്ടക്കാര് വന്ന കാര്യം പറയുന്നുണ്ടായിരുന്നു. ഞാൻ വിചാരിച്ചു, അങ്ങനെ വല്ലതും...”

“അതു നമ്മുടെ റബ്ബർ കാക്കുവിന് ആശുപത്രി പണിയാനാ. വേണ്ടാന്ന് പറയാനാ ഞാൻ സെക്രട്ടറിയോട് പറഞ്ഞത്.”

“അല്ലെങ്കിൽ പിതാവൊന്ന് ബ്ലാനയോട് നേരിട്ട് സംസാരിച്ചാലോ?”

“ഞാനോ? ഏയ്, ആ പോക്കിരിയുമായി എനിക്കൊരു എടപാടും വേണ്ട. അച്ചൻ കൈകാര്യം ചെയ്താൽ മതി. ഞാൻ കാക്കുവിനോടൊന്ന് സംസാരിക്കട്ടെ, ഇത്തിരി വില കൂട്ടികിട്ടുവോന്ന് നോക്കട്ടെ.”

ഉച്ചയൂണിന് നിൽക്കാൻ മെത്രാൻ പറഞ്ഞപ്പോൾ, “ചെന്നിട്ടൊരുപിടി പണിയുണ്ട് പിതാവെ.” എന്നൊഴിവ് പറഞ്ഞ് വികാരി കുട നിവർത്തി വേഗം തിരുനക്കര ബസ്സ് സ്റ്റാന്റിലേക്ക് നടന്നു. നിന്നാൽ ചിലപ്പം പിതാവിന്റെ മനസ്സ് മാറിയാലോ, എന്നായിരുന്നു പേടി.

ബസ്സിൽ കുമരകം വഴി മുഹമ്മയ്ക്ക് പോകുന്ന ആളിന്റെ തിരക്കായിരുന്നു, എന്നാൽ, അച്ചനെ കണ്ടപ്പം ഒരു ഇടവകക്കാരൻ ഭക്തൻ വേഗം എണീറ്റ് സീറ്റൊഴിഞ്ഞ് കൊടുത്തു.

പള്ളിയാവശ്യങ്ങൾ എല്ലാം ഭംഗിയായി പര്യവസാനിക്കാൻ അച്ചൻ കണ്ണടച്ചിരുന്ന് വേഗം ഒരൻപത്തിമൂന്നുമണി ജപം എത്തിച്ചു. കണ്ണുതുറന്നപ്പോൾ ചെങ്ങളം എത്തിയിരുന്നു. പച്ചയണിഞ്ഞ പാടശേഖരത്തിന്റെ നടുവിലൂടെ, കുണ്ടിലും കുഴിയിലും ഇറങ്ങിക്കേറി പണി പതുക്കെ നീങ്ങി.

കുനിഞ്ഞുനിന്ന് കള പറിക്കുന്ന പെണ്ണുങ്ങൾ; കുടപിടിച്ച് അവരുടെ മാറുകളിൽ കണ്ണുംനട്ട് നിൽക്കുന്ന മേൽനോട്ടക്കാർ; കോണാൻ മാത്രം ഉടുത്ത് ചക്രം ചവിട്ടുന്ന പണിക്കാർ;

വെള്ളപ്പൊട്ടണിഞ്ഞ പൂഞ്ഞാനെയും പള്ളയിൽ മറുകുള്ള പള്ളത്തിയേയും മറ്റും കൊത്തിയെടുക്കാൻ നിൽക്കുന്ന ഞാറകൾ, കൊക്കുകൾ. വഴിയോരക്കാഴ്ചകളിൽ മുഴുകിയിരുന്ന അച്ചന്റെ മനസ്സിൽ ഒരു ചമ്മിയ മെത്രാന്റെ ചുമന്ന മുഖം പെട്ടെന്നോർമ്മ വന്നു.

കഴിഞ്ഞ പള്ളിപ്പെരുന്നാളിന് മൂന്നുമേൽ കുർബാന കഴിഞ്ഞ് മെത്രാച്ചൻ പതിവുപോലെ ഇടവകക്കാർക്ക് മുത്താൻ അൾത്താരയുടെ താഴെ സിംഹാസനക്കസേരയിൽ മോതിരം അണിഞ്ഞ കൈയും നീട്ടിയിരുന്നു. വരിയായിനിന്ന് പിതാവിന്റെ മുന്നിലെത്തിയ ബ്ലാന,





ആഫ്രിക്കയിൽനിന്നും വന്നയിടെയാണ്, സായ്പ്പിന്റെ രീതിയിൽ പിതാവിന്റെ കൈ പിടിച്ച് കുലുക്കി. അപ്രതീക്ഷിതമായ ഈ കരപ്രയോഗം കണ്ടെല്ലാവരും ഞെട്ടി, ചിലർ ഉള്ളുകൊണ്ട് ചിരിച്ചു. തിരുമേനിയുടെ മുഖത്തിന്റെ നിറം പെട്ടെന്ന് തലയിൽ ചട്ടിപോലെ കമഴ്ത്തിയിരുന്ന വിശുദ്ധ തലപ്പാവിന്റെ വർണ്ണമായി. "മെത്രാൻ മനസ്സു കൊണ്ട് ബ്വാനയെ മഹറോൻ ചൊല്ലിക്കാണണം," അച്ചൻ ബസ്സിൽ ഇരുന്ന് ഓർത്ത് മന്ദഹസിച്ചു.

പിറ്റേന്നാൾ ഞായറാഴ്ചയായിരുന്നു. ധാരാളം മനക്ളേശങ്ങളുടെ നടുവിലായിരുന്ന ചുമ്മാരിന്റെ കുടുംബത്തിന് വേണ്ടിയായിരുന്നു അച്ചന്റെ കുർബാനപ്രസംഗം. പ്രത്യേകിച്ച് അതിന്റെ ഒടുവിൽ വിശുദ്ധഗ്രന്ഥത്തിന്റെ വെളിയിൽ നിന്നും എടുത്തു ഉപമ.

"ഇത് സെൻ വിഭാഗത്തിലുള്ള ബുദ്ധമതക്കാരുടെ ഇടയിൽ പറയാറുള്ള ഒരു ജ്ഞാനിയുടെ കഥയാണ്. സാധാരണക്കാരനായിരുന്ന ഈ മനുഷ്യന്റെ വരുമാനമാർഗ്ഗം തന്റെ വണ്ടിക്കുതിരയായിരുന്നു. ഒരു ദിവസം ഇയാളുടെ ഏക കുതിര അവരുടെ ഗ്രാമത്തിന് സമീപമുള്ള കാട്ടിലേയ്ക്കോടിപ്പോയി.

പിറ്റേദിവസം അയൽപക്കക്കാരും, സുഹൃത്തുക്കളും വന്ന് അവരുടെ സഹതാപം അറിയിച്ചു.

"വലിയ കഷ്ടമായിപ്പോയി. നിങ്ങൾക്ക് ശനിദശയായിരിക്കണം."

മറുപടിയായി, "ആർക്കറിയാം," എന്നുമാത്രം അയാൾ വിനീതനായി പറഞ്ഞു.

കുറെ ദിവസം കഴിഞ്ഞപ്പോൾ നഷ്ടപ്പെട്ട കുതിര ഒരു കാട്ടുകുതിരയെകൂട്ടി പ്രത്യക്ഷപ്പെട്ടു.

"ചുളിവിനൊരു കുതിരയെ കിട്ടിയല്ലോ! നിങ്ങൾക്ക് വ്യാഴം തെളിഞ്ഞിരിക്കുന്നു," എന്നായി മിത്രങ്ങൾ. എളിമയോടെ, " ആർക്കറിയാം," എന്ന്

ഇഞ്ഞാനി പ്രതികരിച്ചു.

അധികം താമസിച്ചില്ല, തന്റെ മകൻ വെറുതെ കിട്ടിയ ആ കാട്ടുകുതിരയെ മെരുക്കാൻ ശ്രമിച്ച കൂട്ടത്തിൽ തെറിച്ചു വീണ് കാലൊടിഞ്ഞു.

“എന്തൊരു നിർഭാഗ്യം,” എന്നായി നാട്ടുകാർ. അപ്പോഴും പതിവായിട്ടുള്ള മറുപടി കിട്ടി, “ആർക്കറിയാം?”

രണ്ടാഴ്ച പിന്നിട്ടപ്പോൾ രാജാവിന്റെ ഭടന്മാർ യുദ്ധത്തിൽ പൊരുതാൻ ഗ്രാമത്തിലെ ശേഷിയുള്ള എല്ലാ ചെറുപ്പക്കാരെയും പിടിച്ചുകൊണ്ടുപോയി. കാലൊടിഞ്ഞവനെ യുദ്ധക്കളത്തിൽ ആർക്കുവേണം?

“തന്റെ ഒടുക്കത്തെ ഭാഗ്യം‘‘, എന്ന് ഗ്രാമനിവാസികൾ വിധിച്ചപ്പോഴും ഇഞ്ഞാനിക്ക് അതേ മറുപടി, “ആർക്കറിയാം?”

“മിശിഹായിൽ പ്രിയ വിശ്വാസികളെ, നമ്മുടെ ജീവിതത്തിന്റെ അമരം പിടിക്കുന്ന തമ്പുരാനെ എല്ലാം അങ്ങോട്ട് ഏൽപ്പിക്കുക. കാരണം, ദൈവം ചെയ്യുന്നതെല്ലാം നമ്മുടെ നന്മക്കായിട്ടാണ്. പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമേൻ. കുട്ടികൾക്കിന്ന് വേദപാഠം ഉണ്ടായിരിക്കുന്നതാണ്.”

ബ്വാന അച്ചന്റെ കഥ കേട്ടെങ്കിലും, അതിന്റെ മർമ്മമായ അന്തരാർത്ഥം ഉച്ചയൂണ് കഴിഞ്ഞ് അരമനയിൽ നിന്നും വന്ന ഒരു ഫോൺ വിളിയിലൂടെയാണ് മനസ്സിലാക്കുന്നത്. ബിഷപ്പിന്റെ സെക്രട്ടറിയായിരുന്നു വിളിച്ചത്, ബ്വാനയുടെ ഒരു കുട്ടിക്കാല ചങ്ങാതി.

“എടാ ബ്വാന, കൊച്ചുകള്ളാ, നീ കൊള്ളാവല്ലോടാ!”

“ഹേ, എന്താ കാര്യം?”

“ഒരു വെടിക്ക് നീ ഉപ്പിയേയും ഒതുക്കി, പുതിയ പള്ളിയും ഒപ്പിച്ചു. മിടുക്കൻ.”

“പള്ളിയോ?”

“എടായെടാ, എന്റെയടുത്ത് ഒളിച്ച് കളിക്കണ്ട, ഞാൻ ഇന്ന് രാവിലെയാ പേരൂരെ സ്ഥലം ആധാരമാക്കാനുള്ള മുൻകൂർ പണം മേടിച്ചത്. നാളെത്തന്നെ നിങ്ങടെ പുതിയ പള്ളിക്കുള്ള ആദ്യ ഗഡു ഡിഡിയായിട്ട് അയയ്ക്കും.”

“ അതു ശരി.”

“ചുമ്മാ അതു ശരീന്നൊന്നും പറഞ്ഞ് രക്ഷപ്പെടാൻ നോക്കണ്ട. ഇതിന് നല്ല ചെലവ് ചെയ്യണം.”

ഫോൺ താഴെ വച്ച് കുറച്ചുനേരത്തേയ്ക്ക് ബ്വാന നിശ്ചലനായി ഇരുന്നു. എന്നിട്ടൊരു സ്ഫോടനം.

“കള്ളക്കത്തനാരെ, താൻ അതിനിടയ്ക്ക് ആരുമറിയാതൊരു ഗോളടിച്ചല്ലോ!” എന്നും പറഞ്ഞ് ബ്വാന ഉറക്കെ അട്ടഹസിച്ചു.

തെക്കെ കുളത്തിന്റെ അരികിലുള്ള ചതാവേലിക്ക് തടം എടുത്തുകൊണ്ടിരുന്ന തോമ പതിവില്ലാത്ത ശബ്ദം കേട്ടോടി വന്നു.

“എന്നാ പറ്റി ബ്വാന?”

“എടാ നീ ഒന്ന് പള്ളിവരെ പോണം. അച്ചന് ഞാനൊരെഴുത്ത് തരാം.”

തോമയുടെ കൈവശം ബ്വാന കൊടുത്തുവിട്ട കുറിപ്പ് ഹ്രസ്വമായിരുന്നു.

പ്രിയ വികാരിയച്ചാ,

വെള്ളത്തിനെ വീഞ്ഞാക്കി, നമ്മുടെ ഈശോ. കുംഭകോണത്തെ പുതിയൊരു ദേവാലയമാക്കിമാറ്റിയ അച്ചന് എന്റെ അകമഴിഞ്ഞ അനുമോദനം. അതിന്റെ ശില്പിയെന്നുള്ള ബഹുമതി എനിക്ക് നൽകിയതിന് നന്ദി പറയുന്നതോടൊപ്പം, തോമ വഴി ഒരു എളിയ കാഴ്ചദ്രവ്യവും സമർപ്പിക്കുന്നു.

വിനീതനായി,

ബ്വാന.

ജീവിതത്തിൽ ആദ്യമായി അന്ന് രാത്രി കപ്യാര് കൊച്ചാക്കോ സ്കോച്ച് വിസ്ക്കി കുടിച്ച് പൂസായി. ■


**STATEMENT ABOUT OWNERSHIP PARTICULARS AND OTHER PARTICULARS OF SAMAKALIKA MALAYALAM VAARIKA, KOCHI AS REQUIRED UNDER RULE 8 OF THE REGISTRATION OF NEWSPAPERS (CENTRAL) RULES, 1956**

**FORM IV (See Rule 8)**

| | | | |
|---|---|---|---|
| 1 | Place of Publication | : | KOCHI |
| 2 | Periodicity of Publication | : | WEEKLY |
| 3 | Printer's Name | : | R.K.JHUNJHUNWALA |
| | Nationality | | Indian |
| | Address | | Express Gardens, 29, Second Main Road, Ambattur Industrial Estate, Chennai 600 058. |
| 4 | Publisher's Name | : | SUNIL NAMBIAR |
| | Nationality | | Indian |
| | Address | | Express House, Kaloor, Kochi 682 017. |
| 5 | Editor's Name | : | S. JAYACHANDRAN NAIR |
| | Nationality | | Indian |
| | Address | | T.C.IX/1321 & 1322 Unnithan Lane, Sasthamangalam, Thiruvananthapuram 695 010. |
| 6 | Names & Addresses of individuals who own the newspaper | : | EXPRESS PUBLICATIONS (MADURAI) LIMITED Express Gardens, 29, Second Main Road, Ambattur Industrial Estate, Chennai 600 058. |
| | AND | | |
| | Shareholders holding more than one per cent of the total capital | : | SIDDHARTH MEDIA HOLDINGS PRIVATE LIMITED Express Gardens, 29, Second Main Road, Ambattur Industrial Estate, Chennai 600 058. |

I, SUNIL NAMBIAR hereby declare that the particulars given above are true to the best of my knowledge and belief.

Date: 1.3.2010

SUNIL NAMBIAR
PUBLISHER